# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 828 — 02/12/2015-ൽ മറുപടിക്ക്

## മരുന്നുവില നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, കെ.രാധാകൃഷ്ണൻ<br>,, എം. ഹംസ<br>,, പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഹൃദ്രോഗം. പ്രമേഹം, കാൻസർ തുടങ്ങി മിക്ക രോഗങ്ങൾക്കും വ്യാപകമായി ഉപയോഗിക്കുന്ന മരുന്നുകൾക്ക് വലിയ തോതിൽ വിലക്കയറ്റമുണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾക്ക് പോലും വില കുത്തനെ കൂടിയത് തടയാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) &(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഹൃദ്രോഗം,പ്രമേഹം, കാൻസർ തുടങ്ങിയ രോഗങ്ങൾക്ക് ഉൾപ്പെടെ ഉപയോഗിക്കുന്ന 348 ഇനം മരുന്നുകളെ അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തി ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013 പ്രകാരം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) ആയവയുടെ വില ഘട്ടം ഘട്ടമായി നിശ്ചയിച്ചുറപ്പിച്ചുവരുന്നു. വില നിയന്ത്രണ പരിധിയിൽ വന്നു കഴിഞ്ഞ അവശ്യ മരുന്നുകൾ, നിശ്ചയിച്ചുറപ്പിച്ച വിലയ്ക്ക് തന്നെയാണോ നിർമ്മിച്ച് വിതരണം ചെയ്യുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം പരിശോധിക്കുകയും നിയമ ലംഘനം നടത്തുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ തുടർ നടപടികൾക്കായി എൻ.പി.പി.എ യെ അറിയിക്കുകയും ചെയ്തു വരുന്നു. |
| സി) വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുന്ന മരുന്നുകളുടെ ലഭ്യത കുറച്ചും ചേരുവയിൽ ചെറിയ മാറ്റം വരുത്തിയും വിലനിയന്ത്രണ നിയമം മറികടക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ വിവരങ്ങൾ അറിയിക്കുമോ; ഇത്തരം ചൂഷണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സി) വില നിയന്ത്രണ പരിധിയിൽ വന്നു കഴിഞ്ഞ അവശ്യ മരുന്നുകളുടെ നിശ്ചയിച്ചുറപ്പിച്ച വില, നിരന്തര പരിശോധനയിലൂടെ ഉറപ്പുവരുത്തുന്നതിനോടൊപ്പം തന്നെ അവശ്യ മരുന്നുകളുടെ ലഭ്യതയും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്<br>ദേശീയ ഔഷധ വില നിയന്ത്രണ സമിതിയുടെ അവശ്യമരുന്നുകളുടെ പട്ടികയിൽ (National List of Essential Medicines) ഉൾപ്പെടുത്താത്ത മരുന്നുകൾക്ക് വർഷത്തിലൊരിക്കൽ 10% ൽ കൂടുതൽ വില കൂട്ടുവാൻ പാടില്ല എന്ന് ഡ്രഗ്സ് ആന്റ് പ്രൈസ് കൺട്രോൾ ഓർഡർ 2013 ൽ നിഷ്ക്കർഷിച്ചിട്ടുണ്ട് ഈ നിയന്ത്രണം മറികടന്ന് അമിത വിലയ്ക്ക് മരുന്ന് വില്പന നടത്തുക എന്ന ഉദ്ദേശ്യത്തോടെ നിലവിലുള്ള ഒരു മരുന്നിന്റെ ചേരുവയിൽ മാറ്റം വരുത്തി അമിത വില ഈടാക്കിയ താഴെപ്പറയുന്ന മരുന്നിന്റെ വില്പന സമീപകാലത്ത് ക ണ്ടെത്തിയിട്ടുണ്ട്<br>സിപ്ല എന്ന കമ്പനി ഉല്പാദിപ്പിച്ച് വിപണനം ചെയ്ത Asthalin Expectorant എന്ന മരുന്നിൽ Salbutamol sulphate IP eqv. To Salbutamol 1 mg. Guaiphenesin IP 50 mg. Flavoured Syrup |

base q.s എന്ന ചേരുവകളോടുകൂടിയാണ് 9.33 രൂപയ്ക്ക് വിപണനം ചെയ്തു വന്നിരുന്നത്. എന്നാൽ 2015 ൽ New Asthalin Expectorant എന്ന അതേ പേരിൽ ചേരുവകളിൽ ചെറിയ വ്യത്യാസം വരുത്തി Levo Salbutamol Sulphate eqv. to Levo Salbutamol 0.5 mg. Guaiphenesin IP 50 mg. Flavoured Syrup base q.s എന്നീ ചേരുവകളോടു കൂടി 49.00 രൂപയ്ക്ക് വിപണനം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ചേരുവകളിലും പേരിലും ചെറിയ മാറ്റം വരുത്തി പഴയ മരുന്നിന്റെ ലഭ്യത കുറച്ച് മാർക്കറ്റിൽ വിപണനം ചെയ്തിരിക്കുകയാണ്.

കേന്ദ്ര ഡ്രഗ്സ് കൺട്രോളറുടെ അനുമതിയില്ലാതെ പുതിയ ചേരുവകളടങ്ങുന്ന മരുന്ന് വിപണിയിൽ ഇറക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ പ്രസ്തുത വിവരം ദേശീയ ഔഷധ വില നിയന്ത്രണ സമിതിയെ അനന്തര നടപടികൾക്കായി അറിയിച്ചിട്ടുണ്ട്

ഡി) പൊതുമേഖലാ ഔഷധ നിർമ്മാണ കമ്പനിയായ കെ.എസ്.ഡി.പി.യെ ശക്തിപ്പെടുത്തി മരുന്നുവില നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡി) അലോപ്പതി മരുന്നുകളുടെ വിലവർദ്ധനവ് നേരിടുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഏക ഔഷധ നിർമാണ കമ്പനിയായ ആലപ്പുഴ ജില്ലയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി, ഉൽപ്പാദനം വർദ്ധിപ്പിച്ച്, സംസ്ഥാന ആരോഗ്യവകുപ്പിനാവശ്യമായ മരുന്നുകൾ ന്യായവിലയ്ക്ക് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബീറ്റാലാകും കുത്തിവെയ്പ്പ് മരുന്നുകളുടെ ഉത്പാദനത്തിനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. എൻ.എ.ബി.എൽ അക്രഡിറ്റഡ് ലബോറട്ടറിയുടെ പ്രവർത്തനവും ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ